*കാടിന്റെ മൗനത്തിൽനിന്ന്*
*സ്നേഹത്തിന്റെ ഉറവകളിലേക്ക്.*

# വെള്ളത്തിന് തെളിയാതിരിക്കാനാവില്ല



മൂന്നുദിവസമായി നൂർമുഹമ്മദ് ഒരു പെൺകുട്ടിയെ ശ്രദ്ധിക്കുന്നു. തുടർച്ചയായി അവളെ വെള്ളത്തിനരികിൽ കണ്ടെത്തി. കുളക്കരയിൽ, തോടിന്റെ വക്കത്ത്, അല്ലെങ്കിൽ കായൽക്കരയിൽ, വെറുതെയങ്ങനെ നിൽക്കുന്നതായിട്ടാണ് കണ്ടത്. വെള്ളത്തിലേക്ക് ഉറ്റുനോക്കിനിൽക്കുന്നു എന്നതൊഴിച്ചാൽ, അവൾ പരിസരം അറിയുന്നുണ്ടായിരുന്നില്ല. അവൾ എന്തെങ്കിലും ചെയ്യുകയാണോ എന്ന് അയാൾ ശ്രദ്ധിച്ചു. അലക്കാനോ കുളിക്കാനോ കക്കവാരാനോ ഒരുങ്ങുകയാണോ? എന്നാൽ ആ കുട്ടി വെറുതെ നിൽക്കുന്നതും അങ്ങനെ എത്രനേരം വേണമെങ്കിലും നിൽക്കുന്നതും അയാൾക്ക് വിചിത്രമായി തോന്നി.

നാലാമത്തെ ദിവസം അയാൾ അവളെ കണ്ടത് വേലിയിറക്കസമയത്ത് വെള്ളത്തിലൂടെ നടന്നുപോകുന്നതായിട്ടാണ്. നടന്നുനടന്ന് അവൾ കണ്ടൽക്കാടുകൾക്കിടയിൽ മറഞ്ഞുപോയി. നൂർമുഹമ്മദിന് കൗതുകം തോന്നി. അവിടെയായിരിക്കുമോ അവളുടെ വീട്? ആ പച്ചവളയ്ക്കുള്ളിൽ? അവളെ പിന്തുടർന്ന് അത് കണ്ടുപിടിക്കണമെന്ന അതിശക്തമായ ഒരു പ്രേരണ അയാൾക്കുണ്ടായി. ഒന്നാലോചിച്ചിട്ട് അത് വേണ്ടെന്ന് വച്ചെങ്കിലും അവളങ്ങനെ മാഞ്ഞുപോയതിൽ അയാൾക്ക് വിഷാദം തോന്നി. അവളെ വീണ്ടും കാണുമെന്ന് കരുതി ഒരുപാടുനേരം അയാൾ അവിടെയൊക്കെ അലഞ്ഞു.



വേലിയേറ്റം തുടങ്ങി. നോക്കിനിൽക്കെ വെള്ളം പെരുകിക്കേറിവന്നു. തോണിയില്ലാതെ കടന്നുപോവുക വയ്യെന്നായി. അവൾ തിരിച്ചുവന്നതേയില്ല. താനെന്തിന് അസ്വസ്ഥനാകുന്നു എന്ന് നൂർമുഹമ്മദ് അദ്ഭുതപ്പെട്ടു. വിളറിയ മെലിഞ്ഞ ഒരു പെൺകുട്ടി. പുലർകാലത്തെ ചന്ദ്രകിരണം പോലെ! അവൾ വെള്ളത്തിലേക്കുറ്റുനോക്കി നിൽക്കുന്നതു കണ്ടു. വെള്ളത്തിലൂടെ നടന്ന് അവൾ അപ്രത്യക്ഷയാവുന്നതു കണ്ടു. ആരും ഒരിലപോലും നുള്ളിയെടുക്കാത്ത കനത്ത കാട്ടിനുള്ളിൽ അവൾ മറഞ്ഞുനിൽക്കുന്നു. വരുകയാണെങ്കിൽ അവൾ ഏതിലേ വരും? ആതിയെ ചുറ്റിക്കിടക്കുകയാണ് പച്ചവള!

അതിലെവിടെയാണവളുടെ വീട്?

ആമുഖക്കാരൻ പറഞ്ഞിരുന്നു.

"കാട്ടിലേക്ക് പല വഴികളുണ്ട്. കാട്ടിൽനിന്ന് പുറത്തുകടക്കാനും പല വഴികളുണ്ട്."

ഒരുവഴിയിലൂടെ കാട്ടിനുള്ളിൽ കടന്ന് വേറൊരു വഴിയിലൂടെ അവൾ തിരിച്ചുവന്നിരിക്കാം. ഒരുപക്ഷേ അവളുടെ വീട് ഇവിടെയെങ്ങാനുമായിരിക്കാം. നിലാവുദിക്കുമ്പോൾ അവൾ തിരികെ വരും. നൂർമുഹമ്മദ് വിചാരിച്ചു. അവളെ കാണാതിരിക്കുന്തോറും താൻ അസ്വസ്ഥനാകുന്നുണ്ടെന്ന് നൂർമുഹമ്മദ് തിരിച്ചറിഞ്ഞു. അയാൾക്കത് മധുരമായി തോന്നി.

ആതിയുടെ നാഡിഞരമ്പുകൾപോലെ തലങ്ങും വിലങ്ങും തോടുകൾ, ചാലുകൾ, കുളങ്ങൾ, ഉറവകൾ, കിണറുകൾ, വെള്ളം തുളുമ്പിത്തെറിക്കുന്ന വയലുകൾ, ഏറ്റിറക്കങ്ങൾകൊണ്ട് മുറുകുകയും അഴിയുകയും ചെയ്യുന്ന തണ്ണീർത്തടങ്ങൾ, കുഴമറിഞ്ഞ ചതുപ്പുകൾ. വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ ഒരു പെൺകുട്ടി അവിടെയെവിടെയെങ്കിലുമുണ്ടോ എന്നന്വേഷിച്ചുകൊണ്ട് നൂർമുഹമ്മദ് അഞ്ചാംദിവസവും അലഞ്ഞുനടന്നു.

അയാൾക്കവളെ കണ്ടെത്താനായില്ല!

എന്താണിത്! നൂർമുഹമ്മദിന് ആശ്ചര്യം തോന്നി.

വെള്ളം എന്നെ കൊണ്ടുപോകുന്നു.

കാറ്റ് എന്നെ കൊണ്ടുപോകുന്നു.

ജീവിതത്തിലിതുവരെ ഞാൻ കണ്ടെത്തിയിട്ടില്ലാത്തത്, കണ്ടെത്തേണ്ടത്, എവിടെയോ മറഞ്ഞിരിക്കുന്നു.

ഇലയുടെ മറവിൽ

ജലപാളികളുടെ അടിയിൽ

ഒരു മീനുടലിന്റെ നിഴലിൽ

എവിടെയോ.....

ദൈവമേ! നൂർമുഹമ്മദ് അദ്ഭുതപ്പെട്ടു.

അവളുടെ താരുണ്യമാണോ കാന്തം ഇരുമ്പിനെയെന്നോണം എന്നെ വലിച്ചു കൊണ്ടുപോകുന്നത്? അയാൾ ഒരു തോണിയിൽ നിരാലംബനായി കിടന്നു. കാറ്റ് ഓളങ്ങളോട് പറഞ്ഞ ദിക്കിലേക്ക് തോണി അയാളെ കൊണ്ടുപോയി. നിലാവിന്റെ അരിപ്പയിലൂടെ പ്രപഞ്ചത്തെ കണ്ടുകൊണ്ട് നൂർമുഹമ്മദ് കിടന്നു.

തലേന്നാളത്തേക്കാൾ, ഉൽക്കണ്ഠാകുലവും വേദനാജനകവുമായിരുന്നു അന്നത്തെ അയാളുടെ അലച്ചിൽ.

അവൾ ആരെന്നോ, എന്തെന്നോ അറിഞ്ഞുകൂടാത്തതിനാൽ അവളെപ്പറ്റി ചോദിച്ചറിയാൻ നിർവാഹമില്ലായിരുന്നു. നിങ്ങളാരെങ്കിലും കണ്ടോ, മെലിഞ്ഞ് വിളറിയ ഒരു പെൺകുട്ടിയെ എന്ന് ചോദിച്ചാൽ താൻ പരിഹസിക്കപ്പെട്ടേക്കും.

തണുത്ത കാറ്റ് അയാളുടെ നെറുക തലോടി, ഇമകളെയും ചുംബിച്ചു. മുടിയിഴകളെ താരാട്ടി. അയാൾക്കുറക്കം വന്നു. വെള്ളം ഒരു മടിത്തട്ടാണ്...

ആറാമത്തെ ദിവസം!

അത് വളരെ വേഗം അയാളെ അവളോടടുപ്പിച്ചു. ചെറിയ ഒരാമ്പൽക്കുളത്തിന്റെ കരയിൽ അയാൾ അവളെ കണ്ടെത്തി. നൂർമുഹമ്മദിന്റെ ഹൃദയമിടിപ്പുകൾ പെരുകി. അവളെ സമീപിക്കാൻ തനിക്ക് ധൈര്യം വരുന്നില്ലെന്ന് അയാൾ അറിഞ്ഞു. എങ്കിലും അവൾക്കരികിൽനിന്ന് മാറിപ്പോകാനും അയാൾക്കാവില്ലായിരുന്നു.

"കുല്ലി സൈ മിനൽ മാഇ"

നൂർമുഹമ്മദ് പറഞ്ഞു. "എല്ലാം വെള്ളത്തിൽ നിന്ന്."

പെൺകുട്ടി തിരിഞ്ഞുനോക്കി.

ശിശുഭാവം വിടാത്ത ഒരു മുഖം അയാൾ കണ്ടു. വിഷാദത്തിനും ദുഃഖത്തിനുമിടയിൽ മുറുകെ പൂട്ടിയ മനോഹരമായ അധരങ്ങൾ കണ്ടു.

കഥപറച്ചിൽക്കാരനെ നോക്കി പെൺകുട്ടി പരിചയഭാവത്തിൽ തലയാട്ടി.

നൂർമുഹമ്മദിന് അവളുടെ അടുത്തേക്കു ചെല്ലാൻ ധൈര്യം കിട്ടി.

"ഇവിടെ, ഒറ്റയ്ക്ക് എന്തുചെയ്യുന്നു?"

അയാൾ ചോദിച്ചു.



പെൺകുട്ടിയുടെ മുഖം വാടി. ആമ്പൽക്കുളത്തിലേക്ക് ചൂണ്ടിക്കാട്ടിയിട്ട് തന്നോടുതന്നെയെന്നോണം അവൾ പറഞ്ഞു:

"കലങ്ങിയിരിക്കുന്നു."

നൂർമുഹമ്മദ് പുഞ്ചിരിച്ചു.

"കലങ്ങിയത് കുറേക്കഴിഞ്ഞാൽ തെളിയില്ലേ?"

പെൺകുട്ടി നിഷേധാർഥത്തിൽ തലയാട്ടി.

"ഇല്ല. തെളിയുന്നില്ല."

നൂർമുഹമ്മദ് അവളുടെ അടുത്തേക്ക് ചെന്നു. ആമ്പൽക്കുളത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ട് കുറച്ചുനേരം അവളോടൊപ്പം നിന്നു.

"വെള്ളത്തിന് തെളിയാതിരിക്കാൻ കഴിയില്ല."

അവൾ അത് വിശ്വസിച്ചില്ലെന്ന് അവളുടെ വാടിയ മുഖം വ്യക്തമാക്കി. അവളെ ആശ്വസിപ്പിക്കേണ്ടതെങ്ങനെയെന്ന് അയാൾ കുഴങ്ങി.

"ഒരു കഥ കേൾക്കാമോ?" നൂർമുഹമ്മദ് ചോദിച്ചു.

കറുക പടർന്ന കുളക്കരയിൽ അയാൾ ഇരുന്നു. വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ പെൺകുട്ടി കഥ കേൾക്കാൻ തുടങ്ങി. ബുദ്ധന്റെ കഥയാണ്. ബുദ്ധനും ശിഷ്യനായ ആനന്ദനും ഒരു ഗ്രാമത്തിലൂടെ നടന്നുപോവുകയായിരുന്നു. കഠിനമായ വെയിൽ. ക്ഷീണം.

"വല്ലാതെ ദാഹിക്കുന്നു." ബുദ്ധൻ പറഞ്ഞു. അടുത്തെങ്ങും വെള്ളമില്ല.

"നമ്മൾ പിന്നിട്ട വഴിയിൽ മനോഹരമായ ഒരു അരുവിയുണ്ടായിരുന്നു. എന്തു തെളിഞ്ഞ വെള്ളം! രണ്ടു നാഴിക തിരിച്ചു നടക്കണം. നീ പോയി, ആ ഭിക്ഷാപാത്രം നിറയെ വെള്ളം എടുത്തുകൊണ്ടുവരൂ. ഞാൻ ഈ മരത്തണലിൽ ഇരിക്കാം." ബുദ്ധൻ പറഞ്ഞു. ആനന്ദൻ ഉടൻ തന്നെ പുറപ്പെട്ടു.



അയാൾ അരുവിക്കടുത്തെത്തിയപ്പോൾ നിരനിരയായി കുറേ കാളവണ്ടികൾ അരുവി മുറിച്ച് കടന്നുപോകുന്നതു കണ്ടു. ചക്രങ്ങളും കാളകളുടെ കുളമ്പുകളും അരുവിയുടെ അടിയിലെ ചളി മുഴുവനും ഇളക്കിമറിച്ചുകൊണ്ടിരുന്നു. വെള്ളം കൊഴുത്ത ചളിയായി മാറി. പകുതി ചീഞ്ഞ ഇലകളും അടിയിൽനിന്ന് പൊന്തിവന്നു. ആനന്ദൻ വെള്ളമെടുത്തില്ല.

ദാഹിച്ചു കാത്തിരിക്കുന്ന ബുദ്ധനോട് അയാൾ പറഞ്ഞു:

"അരുവിയിലെ വെള്ളമാകെ കലങ്ങിമറിഞ്ഞിരിക്കുന്നു. കുറേ കാളവണ്ടികൾ വെള്ളം കലക്കി ചളിയാക്കി. ചീഞ്ഞ ഇലകളും അഴുക്കുംകൊണ്ട് അത് കുടിക്കാൻ കൊള്ളില്ലാത്തതായി. കുറച്ചുകൂടി നടന്നാൽ വലിയൊരു നദിയുണ്ടത്രേ. ഞാൻ അവിടെപ്പോയി വെള്ളം കൊണ്ടുവരാം."

പക്ഷേ ബുദ്ധൻ പറഞ്ഞു:

"നീ തിരിച്ചു പോകണം. സ്ഫടികം പോലെ പരിശുദ്ധമായ വെള്ളം ആ അരുവിയിൽ ഞാൻ കണ്ടതാണ്. ഇനി ചെല്ലുമ്പോഴും അത് തെളിഞ്ഞിട്ടില്ലെങ്കിൽ തെളിയുന്നതുവരെ അതിന്റെ കരയിൽ കാത്തിരിക്കുക..."

ആനന്ദൻ തിരിച്ചു നടന്നു.

"ആ വെള്ളമോ? അതിനി സ്ഫടികം പോലെ ആവുമെന്നോ? എനിക്ക് തോന്നുന്നില്ല."

അയാൾ പിറുപിറുത്തു. രണ്ടുനാഴിക തിരിച്ചുനടന്ന് ആനന്ദൻ അരുവിക്കരയിലെത്തി. അപ്പോഴേക്കും ചളി അടിയിൽ ഊറുകയും ചീഞ്ഞ ഇലകൾ താഴുകയും ചെയ്ത് വെള്ളം ഒരുവിധം തെളിഞ്ഞിരുന്നു. എന്നാലും അത് കുടിക്കാൻ പറ്റുന്ന വിധത്തിലായിരുന്നില്ല. ആനന്ദൻ അരുവിക്കരയിൽ കാത്തിരുന്നു. വെള്ളം തെളിയുന്നതുവരെ. വെള്ളം തെളിയുകതന്നെ ചെയ്തു.

പെൺകുട്ടിയുടെ മൃദുലമായ തേങ്ങലുകൾ കേട്ട് നൂർമുഹമ്മദ് കഥപറച്ചിൽ നിർത്തി.

"ഈ വെള്ളവും അങ്ങനെ ആയിരുന്നു. എത്ര കലങ്ങിയാലും തെളിഞ്ഞുവരുമായിരുന്നു. പോത്തുകൾ കുത്തിമറിഞ്ഞാലും ഞാൻ കുളിക്കാനെത്തുമ്പോഴേക്കും കണ്ണാടിപോലെ തെളിഞ്ഞ് ആകാശത്തേയും മേഘങ്ങളേയും പ്രതിഫലിപ്പിച്ച് കിടക്കുമായിരുന്നു."

ദുർബലമായ തണ്ടിൽ നിവർന്നുനിൽക്കാൻ പാടുപെടുന്ന, മുഖം താഴ്ത്തിപ്പിടിച്ച, രണ്ട് ആമ്പൽപ്പൂക്കളിലേക്ക് നോക്കി നൂർമുഹമ്മദ് നെടുവീർപ്പിട്ടു.

"കഥയുടെ ബാക്കികൂടി കേൾക്കാമോ?" അയാൾ ചോദിച്ചു.
പെൺകുട്ടി സമ്മതഭാവത്തിൽ തലയാട്ടി.

"കണ്ണ് തുടയ്ക്കൂ" നൂർമുഹമ്മദ് വാത്സല്യത്തോടെ പറഞ്ഞു. അയാളുടെ ശബ്ദത്തിന്റെ മാർദവം അവളെ അഗാധമായി സ്പർശിച്ചു. വിളറിയ വിരലുകൾകൊണ്ട് കണ്ണീർ തുടച്ചുകളയുകയും ചെറുതായി പുഞ്ചിരിക്കുകയും ചെയ്തു അവൾ.

ആനന്ദൻ വെള്ളവുമായി ബുദ്ധന്റെ അടുത്തെത്തി. അയാൾ സന്തുഷ്ടനായിരുന്നു. "എന്നോടു ക്ഷമിക്കണേ"- അയാൾ ബുദ്ധനോട് പറഞ്ഞു. "എന്നെ രണ്ടുതവണ നടത്തിച്ചതിൽ എനിക്ക് താങ്കളോട് ദേഷ്യമുണ്ടായിരുന്നു. താങ്കൾ കഠിനഹൃദയനാണെന്ന് ഞാൻ ചിന്തിച്ചു. എനിക്ക് ദേഷ്യവും സങ്കടവും ഉണ്ടായിരുന്നു. അത്രയും നടക്കാൻ എനിക്കൊട്ടും ഇഷ്ടമുണ്ടായിരുന്നില്ല. എന്റെ മനസ്സ് കലങ്ങിമറിഞ്ഞു. പക്ഷേ, അരുവി തെളിഞ്ഞുവരുന്നതുവരെ ഒന്നും ചെയ്യാനില്ലാതെ കാത്തിരുന്നപ്പോൾ പതുക്കെ ദേഷ്യവും സങ്കടവും ഇഷ്ടക്കേടുകളും എല്ലാം ചളി ഊറിക്കൂടുമ്പോലെയും ചീഞ്ഞ ഇലകൾ താണുപോകുമ്പോലെയും താഴേക്കടിയുന്നതും മനസ്സ് തെളിഞ്ഞുവരുന്നതും ഞാൻ അനുഭവിച്ചു."

പെൺകുട്ടി കഥപറച്ചിലുകാരന്റെ മുഖത്തേക്ക് ഉറ്റുനോക്കി. അദ്ഭുതകരമായതെന്തോ അയാളുടെ മുഖത്തുണ്ട് എന്നപോലെ ഇമയാട്ടാതെ അനേകനേരം.

"എന്താ ഇങ്ങനെ നോക്കുന്നേ?"

നൂർമുഹമ്മദ് ചോദിച്ചു. സത്യത്തിൽ അയാളും അവളെ ഉറ്റുനോക്കുകയായിരുന്നല്ലോ. ഒരു കുഞ്ഞിന്റെ കൗതുകം മുറ്റിയ കണ്ണുകളിൽ നിന്നെന്നപോലെ അവളിൽനിന്ന് തന്നിലേക്കൊഴുകിയെത്തുന്ന ആനന്ദം അയാളിൽ തിരയിളക്കങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.



"പെങ്കുട്ട്യേ...." നൂർമുഹമ്മദ് മൃദുവായി വിളിച്ചു. തന്റെ സത്തയുടെ ആഴത്തിൽ നിന്നാണ് താനവളെ അങ്ങനെ വിളിക്കുന്നതെന്ന് അയാളറിഞ്ഞു. അയാൾ കണ്ണടച്ചിരുന്ന് അവളെ കാണാൻ ശ്രമിച്ചു. ആനന്ദമാണ് അവൾ. ഇലകളിൽ പെയ്യുന്ന മഴത്തുള്ളികൾപോലെ. വിഷാദഭരിതമായ ലോകത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ വഴിയും ജീവനുമാണ് അവൾ. ആരും കാണാത്തത് ആദ്യം കണ്ടവൾ. ആരും ഉൽക്കണ്ഠപ്പെടാത്തതിനെക്കുറിച്ച് ആദ്യം ഉൽക്കണ്ഠപ്പെടുന്നവൾ. ആരും വേദനിക്കാത്തതിനെച്ചൊല്ലി ഏറെ വ്യസനിക്കുന്നവൾ.

"എന്താ കണ്ണടച്ചിരിക്കണേ?" പെൺകുട്ടി ചോദിച്ചു.

"കാണുകയാണ്."

"കണ്ണടച്ചിരുന്നാൽ കാണ്വോ?"

"കാണും."

"എനിക്കും?"

"തീർച്ചയായും." പെൺകുട്ടി കണ്ണടച്ചു.

"എത്രനേരം കണ്ണടച്ചിരിക്കണം." അവൾ ചോദിച്ചു.

"കാണുന്നതുവരെ."

കാണുന്നതുവരെ അവൾ കണ്ണടച്ചിരുന്നു. പിന്നെ കാണാൻ തുടങ്ങി. അനന്തമായ നീലാകാശം, നിർമ്മലതടാകം, പച്ചക്കാടുകൾ, ഒഴുകിയെത്തുന്ന അരുവികൾ, ദൂരെനിന്ന് കാറ്റിനോടൊപ്പം ആടിയുലഞ്ഞുവരുന്ന തോണി. തോണിയിൽ ഏകനായി കണ്ണടച്ചിരിക്കുന്ന കഥപറച്ചിലുകാരൻ. അയാൾ അടുത്തുവരുന്തോറും ഏതോ മൃദുലമായ സുഗന്ധം അവളെ തഴുകുന്നു. "ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക് " എന്ന് ചോദിക്കേണ്ടതിനുപകരം അവൾ ചോദിച്ചു: "ഏത് പൂവാണ് നിങ്ങൾ?"

നൂറു ചിലങ്കകൾ ഒന്നിച്ചു കിലുങ്ങുംപോലെ വെള്ളത്തിന്റെ ഒച്ചകേട്ട് നൂർമുഹമ്മദ് കണ്ണുതുറന്നു. മിന്നുന്ന വെയിലിൽ നീർച്ചാലിലെ വെള്ളം ചവിട്ടിത്തെറിപ്പിച്ചുകൊണ്ട് ആ പെൺകുട്ടി ഓടിപ്പോകുന്നതുകണ്ടു.

അവൾക്കു ചുറ്റും സ്ഫടികമണികൾ പോലെ വെള്ളം ചിതറിത്തെറിച്ചുകൊണ്ടിരുന്നു...

ആതി
(സാറാ ജോസഫ് )

"ആതിയെ ചുറ്റിക്കിടക്കുകയാണ് പച്ചവള"-
ആതി എന്ന പ്രദേശത്തിന്റെ സവിശേഷതകൾ വ്യക്തമാക്കാൻ ഈ വാക്യത്തിന് സാധിക്കുന്നുണ്ടോ? **പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.**

"തണുത്ത കാറ്റ് അയാളുടെ നെറുക തലോടി, ഇമകളെയും ചുംബിച്ചു. മുടിയിഴകളെ താരാട്ടി. അയാൾക്കുറക്കം വന്നു. വെള്ളം ഒരു മടിത്തട്ടാണ്..."
- കഥയുടെ ഭാവതലത്തെ പ്രകാശിപ്പിക്കാൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ? പാഠഭാഗത്തുനിന്ന് ഇത്തരത്തിലുള്ള കൂടുതൽ വാക്യങ്ങൾ കണ്ടെത്തി **വിശകലനം ചെയ്യുക.**

കഥപറച്ചിൽക്കാരൻ (നൂർമുഹമ്മദ്) പെൺകുട്ടിയോട് പറഞ്ഞ ബുദ്ധന്റെ കഥയെ മുൻനിർത്തി 'വെള്ളത്തിന് തെളിയാതിരിക്കാനാവില്ല' എന്ന ശീർഷകത്തിന്റെ **ഔചിത്യം കണ്ടെത്തുക.**

- "എന്നു നീ നീയായ്ക്കാണും
  പുല്ലിനെ പറവയെ
  അന്നു കൈവരും
  നിനക്കാത്മവിജ്ഞാനാനന്ദം"

  **ഒരു പഴങ്കഥ (എൻ. വി. കൃഷ്ണവാരിയർ)**

- "ഒന്നല്ലി നാമയി സഹോദരരല്ലി പൂവേ"

  **വീണപൂവ് (കുമാരനാശാൻ)**

- "ഏത് പൂവിന്റെ മണമാണ് നിങ്ങൾക്ക്" എന്ന് ചോദിക്കേണ്ടതിനുപകരം അവൾ ചോദിച്ചു: "ഏത് പൂവാണ് നിങ്ങൾ?"

  **ആതി (സാറാ ജോസഫ്)**

പ്രകൃതിയും മനുഷ്യരും ഒന്നാകുന്നതിന്റെ മനോഹരമായ കാഴ്ച മുകളിൽ തന്നിരിക്കുന്ന രചനാഭാഗങ്ങളിൽ കാണാനാവുന്നുണ്ടോ? വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "വെള്ളത്തിലേക്ക് ചാഞ്ഞ മിഴികളോടെ പെൺകുട്ടി കഥ കേൾക്കാൻ തുടങ്ങി."
- "ആരും കാണാത്തത് ആദ്യം കണ്ടവൾ. ആരും ഉൽക്കണ്ഠപ്പെടാത്തതിനെക്കുറിച്ച് ആദ്യം ഉൽക്കണ്ഠപ്പെടുന്നവൾ. ആരും വേദനിക്കാത്തതിനെച്ചൊല്ലി ഏറെ വ്യസനിക്കുന്നവൾ."

കഥാപാത്രത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് നോവൽഭാഗത്ത് തെളിയുന്നത്? അവളുടെ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി എന്ത്? **ചർച്ചചെയ്യുക.**

അവൾ പറഞ്ഞു:
"കലങ്ങിയിരിക്കുന്നു."
നൂർമുഹമ്മദ് പുഞ്ചിരിച്ചു.
"കലങ്ങിയത് കുറേക്കഴിഞ്ഞാൽ തെളിയില്ലേ?"
പെൺകുട്ടി നിഷേധാർഥത്തിൽ തലയാട്ടി.
"ഇല്ല. തെളിയുന്നില്ല."

കഥാസന്ദർഭത്തിലെ ഈ സംഭാഷണത്തിൽ അവതരിപ്പിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ സുഹൃത്തിനോട് പറയുന്നത് എങ്ങനെയായിരിക്കും? ആശയം വ്യത്യസ്തമാവാതെ അവതരിപ്പിക്കണമെങ്കിൽ സംഭാഷണഭാഗങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടി വരും? ചർച്ച ചെയ്ത് **അന്വാഖ്യാനസംഭാഷണരൂപത്തിൽ മാറ്റി എഴുതുക.**

"നൂറു ചിലങ്കകൾ ഒന്നിച്ചു കിലുങ്ങുംപോലെ വെള്ളത്തിന്റെ ഒച്ചകേട്ട് നൂർമുഹമ്മദ് കണ്ണുതുറന്നു. മിന്നുന്ന വെയിലിൽ നീർച്ചാലിലെ വെള്ളം ചവിട്ടിത്തെറിപ്പിച്ചുകൊണ്ട് ആ പെൺകുട്ടി ഓടിപ്പോകുന്നതു കണ്ടു. അവൾക്കു ചുറ്റും സ്ഫടികമണികൾ പോലെ വെള്ളം ചിതറിത്തെറിച്ചുകൊണ്ടിരുന്നു."

- ഇവിടെ ഒരു ചലച്ചിത്രത്തിലെന്നപോലെ ദൃശ്യങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത് നോക്കൂ. ജീവദായിനികളായ ജലസ്രോതസ്സുകളുടെ സംരക്ഷണം ഇക്കാലത്ത് എല്ലാവരുടെയും ഉത്തരവാദിത്വമാണല്ലോ. അതിനായി സാമൂഹികഉത്തരവാദിത്വം രൂപപ്പെടുത്തും വിധമുള്ള **ഹ്രസ്വചിത്രം (Short film) നിർമ്മിക്കുക.**

"ആതിയുടെ നാഡിഞരമ്പുകൾപോലെ തലങ്ങും വിലങ്ങും തോടുകൾ,
ചാലുകൾ, കുളങ്ങൾ, ഉറവകൾ, കിണറുകൾ, വെള്ളം തുളുമ്പിത്തെറിക്കുന്ന
വയലുകൾ, ഏറ്റിറക്കങ്ങൾകൊണ്ട് മുറുകുകയും അഴിയുകയും ചെയ്യുന്ന
തണ്ണീർത്തടങ്ങൾ, കുഴമറിഞ്ഞ ചതുപ്പുകൾ."

ആതി (സാറാ ജോസഫ്)

ആതിയുടെ നാഡിഞരമ്പുകളായ ജലസ്രോതസ്സുകളെക്കുറിച്ചുള്ള വിവരണമാണിത്. മുകളിൽ നൽകിയ സന്ദർഭങ്ങളും യൂണിറ്റിൽ പരിചയപ്പെട്ട രചനകളും നിങ്ങളുടെ വായനാനുഭവങ്ങളും അടിസ്ഥാനമാക്കി 'മലയാള സാഹിത്യത്തിൽ പരിസ്ഥിതി ഒരു പ്രധാന പ്രമേയമായിത്തീരുന്നുണ്ടോ?' എന്ന വിഷയത്തിൽ **പ്രോജക്ട് തയ്യാറാക്കുക.**